# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2063 - 16/08/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസവായ്പ തിരിച്ചടവിന് സർക്കാർ പ്രഖ്യാപിച്ച മാർഗനിർദ്ദേശങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.ജോർജ് എം. തോമസ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസവായ്പ തിരിച്ചടവിന് സർക്കാർ പ്രഖ്യാപിച്ച മാർഗനിർദ്ദേശങ്ങളിൽ പുതിയ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ: | ഉണ്ട്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുമായി ബന്ധപ്പെട്ട് 10.05.2017-ന് ജി.ഒ (പി) നം. 65/2017/ധന. നമ്പർ ഉത്തരവ്.പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്ക് ചില ഭേദഗതികൾ വരുത്തിക്കൊണ്ട് 12.07.2017 -ന് ജി.ഒ (പി) നം. 89/2017/ധന. നമ്പർ പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പല ബാങ്കുകളും സർക്കാരിന്റെ ഉദ്യമത്തെ നിരുത്സാഹപ്പെടുത്തുന്നതും വിമുഖത കാണിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ? | എസ്.എൽ.ബി.സി-യുമായി ചർച്ച ചെയ്തും അവരുടെ അംഗീകാരത്തോടെയുമാണ് പദ്ധതി നടപ്പിലാക്കുന്നത്. ഏതെങ്കിലും ബാങ്കുകൾ പദ്ധതിയോട് വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ തലത്തിൽ അത് ഉന്നയിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ